**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1480** | **19-06-2024 - ൽ മറുപടിയ്ക്ക്**

**അൺ എയ്ഡഡ് മേഖലയിലെ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ മിനിമം വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അൺ എയ്ഡഡ് മേഖലയിൽ നോൺ ടീച്ചിംഗ് സ്റ്റാഫിന് മിനിമം വേതനം പുതുക്കി നിശ്ചയിച്ച് 2021-ൽ ഇറക്കിയ ഉത്തരവ് നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകേതര ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 11.02.2021-ലെ സ.ഉ. (അച്ചടി) നമ്പർ. 22/2021/ തൊഴിൽ ഉത്തരവിനെതിരെ (എസ്.ആർ.ഒ. നം.168/2021) കേരള CBSE സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത 11273/2021 നമ്പർ റിട്ട് ഹർജിയിലെ 21.06.2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം, ഇനിയൊരു ഉത്തരവുണ്ടാകുന്ന കാലയളവ് വരെ പ്രസ്തുത മിനിമം വേതന വിജ്ഞാപനം നടപ്പിലാക്കുന്നത് താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുള്ളതാണ്. |
| (ബി) | ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ആയത് നടപ്പാക്കുന്നത് താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകേതര ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 11.02.2021-ലെ സ.ഉ. (അച്ചടി) നമ്പർ. 22/2021/ തൊഴിൽ ഉത്തരവിനെതിരെ (എസ്.ആർ.ഒ. നം.168/2021) കേരള CBSE സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത 11273/2021 നമ്പർ റിട്ട് ഹർജിയിലെ 21.06.2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം, ഇനിയൊരു ഉത്തരവുണ്ടാകുന്ന കാലയളവ് വരെ പ്രസ്തുത മിനിമം വേതന വിജ്ഞാപനം നടപ്പിലാക്കുന്നത് താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുള്ളതാണ്. |
| (സി) | സർക്കാർ അഭിഭാഷകർ യഥാസമയം പ്രസ്തുത കേസിൽ ഹാജരായിട്ടുണ്ടോ; | (സി) | കേരള CBSE സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ ബഹു. ഹൈക്കോടതിയിൽ |

| | | | |
|---|---|---|---|
| | | | ഫയൽ ചെയ്ത 11273/2021 നമ്പർ റിട്ട് ഹർജി, ബഹു.കോടതിയുടെ പരിഗണനയ്ക്കായി വന്നിരുന്ന 11.06.2021, 21.06.2021 എന്നീ തീയതികളിൽ, സർക്കാരിന് വേണ്ടി വാദിക്കുന്നതിനായി ഗവണ്മെന്റ് പ്ളീഡർ ഹാജരായിട്ടുണ്ട്. 25.09.2021-ൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുള്ള എതിർ സത്യവാങ്മൂലം ബഹു.കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുമുണ്ട്. |
| (ഡി) | താൽക്കാലികമായ സ്റ്റേ ഉത്തരവ് ഒഴിവാക്കുന്നതിനും പ്രസ്തുത മേഖലയിൽ സർക്കാർ നിശ്ചയിച്ച മിനിമം വേജസ് നടപ്പാക്കുന്നതിനും ആവശ്യമായ ഇടപെടലുകളും നടപടികളും സ്വീകരിക്കുമോ? | (ഡി) | 25.09.2021-ൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുള്ള എതിർ സത്യവാങ്മൂലം ബഹു.കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുമുണ്ട്. കൂടാതെ, ടി കേസ് നേരത്തെ തന്നെ പോസ്റ്റ് ചെയ്യുന്നതിനും സ്റ്റേ നീക്കം ചെയ്യുന്നതിനുമുള്ള നടപടികളും അഡ്വക്കേറ്റ് ജനറൽ മുഖേന സർക്കാർ സ്വീകരിച്ച് വരികെയാണ്. |

സെക്ഷൻ ഓഫീസർ